# സംശയിക്കേണ്ടതില്ല: കെ.എസ്.എഫ്.ഇ-യിൽ എല്ലാം ശരിയാകുക തന്നെ ചെയ്യും

സുഹൃത്തുക്കളെ,

KSFE യുടെ അസ്ഥിവാരം തോണ്ടിയ ഭരണ നടപടികളാണ് കഴിഞ്ഞ യു.ഡി.എഫ് ഭരണത്തിൽ അരങ്ങേറിയത്. ചിട്ടിയുടെ Non Prized Default മാത്രം 3000 കോടിയിലേക്ക് കുതിച്ചുകയറി. റവന്യൂ റിക്കവറി ഡിപ്പാർട്ട്മെന്റ് തകർത്തു തരിപ്പണമാക്കി. ഭരണത്തിന്റെ അവസാനവർഷങ്ങളിൽ, ശാഖകളിൽ നിന്നയച്ച RR ഫയലുകൾ അപ്രത്യക്ഷമായി. 16000 ൽ പരം കേസുകളിലായി RR കുടിശ്ശിക 400 കോടിയിലേക്കെത്തി കോൺഗ്രസ്-കേരള കോൺഗ്രസ് നേതാക്കന്മാരുടെ താൽപര്യാർത്ഥം, (സാധ്യതാപഠനം നടത്താതെ) ആരംഭിച്ച ശാഖകൾ, KSFE യുടെ പ്രവർത്തനലാഭത്തിൽ പ്രതിഫലിച്ചു. ഭരണഘടനാ സ്ഥാപനമായ അക്കൗണ്ടന്റ് ജനറലിന് പോലും KSFE യ്ക്കെതിരെ പരസ്യവിമർശനം നടത്തേണ്ടിവന്നു. കോൺഗ്രസ് മന്ത്രിതന്നെ KSFE യെ ബ്ലേഡ് കമ്പനി എന്ന് വിളിച്ചാക്ഷേപിച്ചു. വായ്പാപദ്ധതികൾ മരവിപ്പിച്ചും പൊള്ളച്ചിട്ടികൾ പ്രോത്സാഹിപ്പിച്ചും സ്ഥാപനത്തിന്റെ സാമ്പത്തിക അടിത്തറയാണ് UDF തകർത്തത്. KYC ചട്ടം ലംഘിച്ച പൊതുമേഖലാ ബാങ്കുകൾക്കെതിരെ, റിസർവ്വ് ബാങ്ക് പിഴ ശിക്ഷ വിധിച്ചിട്ടും 2008-ൽ LDF സർക്കാർ കൊണ്ടുവന്ന KYC ചട്ടങ്ങൾ നടപ്പാക്കാനോ കാലോചിതമായി പരിഷ്ക്കരിക്കാനോ UDF മാനേജ്മെന്റ് തയ്യാറായില്ല. On Line പ്രവർത്തനങ്ങൾ തകരാറിലാക്കുകയും അടിസ്ഥാനസൗകര്യവികസനത്തിൽ KSFE 'അതിവേഗം ബഹുദൂരം' പിന്നോട്ട് പോകുകയും ചെയ്തു.

ജീവനക്കാരുടെ പ്രശ്നങ്ങളിൽ കടുത്ത നീതി നിഷേധവും നിയമനിഷേധവുമാണുണ്ടായത്. ഭരണമൊഴിയുന്നതിന്റെ തലേദിവസം വരെയും രാഷ്ട്രീയ ശത്രുതാസമീപനം തുടർന്നു. 2014 മുതൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ഗ്രൂപ്പ് എൽ.ഐ.സി. ഏകപക്ഷീയമായി നിർത്തലാക്കി. 2014-ൽ സർവ്വീസിൽ പ്രവേശിച്ച PTS/Office Attendent ജീവനക്കാർക്ക് കൺഫർമേഷൻ നൽകിയില്ല. അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്കുള്ള പ്രമോഷനുകൾ അട്ടിമറിച്ചു. എല്ലാ ഗ്രേഡ് പ്രമോഷനുകളും മരവിപ്പിച്ചു. അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ യഥാസമയം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നതുമൂലം, ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ By Transfer പ്രമോഷൻ മരവിച്ചു. പി.എസ്.സി അഡ്വൈസ്മെമ്മോ നൽകിയാൽ മൂന്നുമാസത്തിനകം നിയമനം നൽകണമെന്ന വ്യവസ്ഥ കാറ്റിൽ പറത്തി. അഡ്വൈസ് മെമ്മോ ലഭിച്ച് 7 മാസം കഴിഞ്ഞാലും നിയമന ഉത്തരവ് ലഭിക്കാത്ത സ്ഥിതിയായിരുന്നു. ഏറ്റവുമവസാനം 2016 ജനുവരിയിൽ ഗർഭിണികളടക്കമുള്ള ഉദ്യോഗാർത്ഥികളെ നിയമനം നൽകാനെന്ന പേരിൽ ഹെഡോഫീസിൽ വിളിച്ചു വരുത്തി രാവിലെ 7 മണിമുതൽ പാതിരാത്രി കഴിഞ്ഞ് 1 മണിവരെ ഇരുത്തിയ കടുത്ത മനുഷ്യാവകാശലംഘനവും അരങ്ങേറി. ഈ നെറികേടുകൾക്കെതിരെ 'കമാ' എന്നൊരക്ഷരം ഉരിയാടാൻ ഇപ്പോൾ 'വാറോല' യിറക്കുന്ന ഒരാളെയും ജീവനക്കാർ കണ്ടില്ല.

2014 മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരെ, EPS95 പെൻഷൻ പദ്ധതിയിൽ നിന്നും കേന്ദ്രസർക്കാർ ഒഴിവാക്കിയിട്ടും മാനേജ്മെന്റ് നിസംഗത നടിച്ചുവെന്ന് മാത്രമല്ല, അവരുടെ പേരിൽ പ്രതിമാസം 1250/- രൂപക്രമത്തിൽ പെൻഷൻ വിഹിതം അടയ്ക്കുകയാണ് ചെയ്തത്. ഫലത്തിൽ 2014 മുതൽ സർവ്വീസിൽ പ്രവേശിച്ച 2000-ഓളം ജീവനക്കാരെ വഞ്ചിക്കുകയാണ് ചെയ്തത്. കടുത്ത തൊഴിലാളി വഞ്ചനയ്ക്ക് ഒത്താശ ചെയ്യുകയാണ് FEEA ചെയ്തത്. യുഡിഎഫിന്റെ തൊഴിലാളി വഞ്ചനയിൽ അവസാനത്തേതായിരുന്നു "ശമ്പളപരിഷ്ക്കരണ അട്ടിമറി". ശമ്പള പരിഷ്ക്കരണ കരാർ അംഗീകരിക്കുന്നതിന് പകരം, ശമ്പളം തന്നെ 23% കണ്ട് വെട്ടിക്കുറച്ച് ഉത്തരവാക്കാനാണ് ശ്രമിച്ചത്. 2002 മുതൽ KSFE ജീവനക്കാർ അന്യായമായി ക്ഷാമബത്ത വാങ്ങുകയാണ് എന്ന ആരോപണം

ഉയർത്തി. ജീവനക്കാരുടെ ആത്മാഭിമാനം ചോദ്യം ചെയ്യപ്പെട്ട ദിവസങ്ങളായിരുന്നു അവ. അന്ന് എവിടെയായിരുന്നു FEEA-OA സംഘടനകൾ? PT ജോസിനെയും കേരളകോൺഗ്രസിനെയും പഴി ചാരി രക്ഷപ്പെടാനാവുമോ? ശമ്പളപരിഷ്കരണക്കരാർ സർക്കാർ വശം ഇരിക്കുമ്പോൾ കേരളത്തിന്റെ ധനമന്ത്രിയും മുഖ്യമന്ത്രിയും ശ്രീ ഉമ്മൻചാണ്ടിയായിരുന്നില്ലേ?

ജാതിക്കോമരങ്ങളും വർഗീയവാദികളും ഭരണത്തിന്റെ അജണ്ട നിശ്ചയിച്ചിരുന്ന 'കെട്ട' കാലമായിരുന്നില്ലേ UDF ഭരണം? ഭരണത്തിന്റെ താക്കോൽ സ്ഥാനത്തിനും അഞ്ചാംമന്ത്രിക്കും വേണ്ടി നടത്തിയ പേക്കൂത്തുകൾ കേരളത്തിന്റെ മതനിരപേക്ഷ മനസുകളിൽ കനത്ത ആഘാതമാണ് വരുത്തിയത്. അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും കേരള ഖജനാവിനെ കാലിയാക്കി. ഭരണത്തിന്റെ അകത്തളങ്ങളിൽ നടന്ന അസാന്മാർഗിക നടപടികൾ മൂലം കുടുംബസമേതം വാർത്ത കേൾക്കാൻപോലും പറ്റാത്ത സ്ഥിതിയായിരുന്നു. കശുവണ്ടി, കയർ ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങൾ തകർന്നു. ലക്ഷക്കണക്കിനു തൊഴിലാളികൾ പട്ടിണിയിലായി. പാവങ്ങളുടെ ക്ഷേമപെൻഷനുകൾ മാത്രം 3000 കോടിയിലേറെ കുടിശികയായി. പാവങ്ങളുടെ കണ്ണീരൊപ്പാൻ അന്നൊരു സർക്കാർ കേരളത്തിൽ ഉണ്ടായില്ല. സമ്പന്നർക്ക് വേണ്ടിമാത്രം തുറന്നു വച്ചിരുന്ന കേരള ഖജനാവ്, പാവങ്ങൾക്ക് മുമ്പിൽ അടഞ്ഞു തന്നെ കിടന്നു.

യു.ഡി.എഫ് ഭരണത്തിലെ കൊള്ളരുതായ്മകൾ തിരുത്തിയും ജനക്ഷേമകരവും പരിസ്ഥിതി സൗഹാർദ്ദപരവുമായ നടപടികൾ സ്വീകരിച്ചും കേരളത്തിലെ ഇടതുപക്ഷ സർക്കാർ രാജ്യത്തിനാകെ മാതൃകയായി മുന്നോട്ട് പോകുകയാണ്. ഇക്കഴിഞ്ഞ ഓണക്കാലത്ത് മാത്രം 3600 കോടി രൂപയുടെ ക്ഷേമപെൻഷനുകളാണ് 'പണമായി' പാവങ്ങളുടെ ഭവനങ്ങളിൽ എത്തിച്ചത്. UDF കാലിയാക്കിയ ഖജനാവിനെ ആശ്രയിച്ചാൽ, വികസനത്തിന് പണം കണ്ടെത്താനാവില്ലെന്ന് മനസിലാക്കിക്കൊണ്ട്, KIFBI യെ സർക്കാർ പുനഃസംഘടിപ്പിച്ചു. സഹകരണ ബാങ്കുകളിലെയും KSFE ലേയുമടക്കം സർപ്ലസ് നിക്ഷേപത്തെ സ്വാംശീകരിക്കാനാണ് സർക്കാർ പരിപാടി. ലോകമെങ്ങുമുള്ള മലയാളികളെ ചിട്ടിയിലേക്കാകർഷിക്കാനും KSFE യെ ശക്തിപ്പെടുത്താനുമുള്ള സമഗ്രമായ പദ്ധതിയ്ക്കാണ് കേരളസർക്കാർ രൂപം നൽകുന്നത്. എന്നാൽ സർക്കാർ നമ്മിലേൽപ്പിക്കുന്ന വലിയ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിനുള്ള ആധുനികവത്കരണം KSFE യിൽ നടന്നിട്ടില്ലായെന്നത് പച്ചപരമാർത്ഥമല്ലേ? ഈ യാഥാർത്ഥ്യം ഉൾക്കൊള്ളാതെയും തിരുത്താതെയും നമുക്ക് മുന്നേറാനാകില്ല.

KSFE യുടെ ചരിത്രം തിരുത്തിയെഴുതിയ 1987-91 ലെ ഡയറക്ടർ ബോർഡിനെ അനുസ്മരിപ്പിക്കുന്ന ബോർഡിനാണ് ഇത്തവണ കേരളസർക്കാർ രൂപം കൊടുത്തിരിക്കുന്നത്. പ്രമുഖ അഭിഭാഷകനും സഹകാരിയും ദീർഘകാലം പത്തനംതിട്ട ജില്ലാസഹകരണ ബാങ്കിന്റെ പ്രസിഡന്റും മുൻ പ്ലാനിംഗ് ബോർഡംഗവുമായ ശ്രീ.അഡ്വ:ഫീലിപ്പോസ് തോമസാണ് ചെയർമാൻ. SBI ജനറൽ മാനേജരും Global Marketing Rupee Investment-ന്റെ തലവനുമായിരുന്ന ശ്രീ. എ. പുരുഷോത്തമൻ ആണ് മാനേജിംഗ് ഡയറക്ടർ. SBI യിൽ 38 വർഷത്തെ പ്രവർത്തനപരിചയമുള്ള ജനറൽ മാനേജരും KSFE മുൻ എം.ഡിയുമായ ശ്രീ. പി.സി.പിള്ള, IT മേഖലയിലും സാങ്കേതിക വിദ്യാഭ്യാസമേഖലയിലും നിരവധി അന്താരാഷ്ട്ര അംഗീകാരങ്ങൾ നേടിയ പ്രമുഖ ഐ.ടി. വിദഗ്ദ്ധൻ ഡോ: പി.വി. ഉണ്ണികൃഷ്ണൻ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ ബോർഡംഗവും പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനുമായ പ്രൊഫ: ഡോ: ഡി. നാരായണ, പ്രമുഖ സാമ്പത്തിക ശാസ്ത്രഅധ്യാപകനായ പ്രൊഫ: കെ.എൻ.ഗംഗാധരൻ, ഫെഡറൽ ബാങ്ക് മുൻ മാനേജർ അഡ്വ: വി.കെ. പ്രസാദ് തുടങ്ങിയ പ്രൊഫഷണലുകളും സ: അഡ്വ: റജി സക്കറിയ ഉൾപ്പെടെയുള്ള പ്രമുഖ

പൊതുപ്രവർത്തകരും ഉൾപ്പെടുന്നതാണ് KSFE ഡയറക്ടർ ബോർഡ്. സംശയിക്കേണ്ടതില്ല KSFEയിൽ എല്ലാം ശരിയാകുകതന്നെചെയ്യും.

**ജീവനക്കാരുടെ ദീർഘകാല ആവശ്യങ്ങളിൽ LDF വന്നതിനുശേഷം സ്വീകരിച്ച നടപടികൾ മാത്രം ഒന്നു ശ്രദ്ധിക്കൂ.**

**1.** സ്വന്തം ജില്ലയിൽ മതിയായ ഒഴിവുകൾ ഉണ്ടായിട്ടും വിദൂര ജില്ലകളിൽ നിയമിക്കപ്പെട്ടവർക്ക് സ്ഥലംമാറ്റം നൽകാൻ FEEA ക്കാരേ നിങ്ങൾ കരുണ കാണിച്ചില്ല. എന്നാൽ LDF വന്നു. ഗർഭിണികളും കൈക്കുഞ്ഞുങ്ങളുള്ള വനിതകളുമടക്കം അവരിൽ 90% പേർക്കും സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക് സ്ഥലമാറ്റം ലഭിച്ചു.

**2.** KPSC നടത്തിയ 'Eligibility Test' പാസായ 83 Office attendent മാർക്ക് കഴിഞ്ഞ UDF സർക്കാർ പ്രമോഷൻ നിഷേധിച്ചു. എന്നാൽ LDF വന്നു. അവരിൽ 79 പേർക്കും പ്രമോഷൻ നൽകി.

**3.** 2014 - സെപ്തംബറിൽ സർവീസിൽ പ്രവേശിച്ച PTS ജീവനക്കാർക്ക് കൺഫർമേഷൻ നൽകിയത് LDF വന്നതിനുശേഷം.

**4.** 2014 - നവംബർ മുതൽ സർവീസിൽ പ്രവേശിച്ച ഓഫീസ് അറ്റന്റന്റ് ജീവനക്കാർക്ക് confirmation നൽകിയത് LDF വന്നതിനുശേഷം. ഇതിൽ 54 പേരുടെ PSC Verification നുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

**5.** 2015 - ഡിസംബർ മുതൽ സർവീസിൽ പ്രവേശിച്ച 1000 - ലേറെ അസിസ്റ്റന്റ് ജീവനക്കാരുടെ Probation Declaration വൈകാതിരിക്കാൻ ശക്തമായ നടപടി സ്വീകരിച്ചിരിക്കുന്നു.

**6.** ലാഭത്തിൽ കുറവുണ്ടായിട്ടും ഉയർന്ന നിരക്കിൽ Performance Incentive നൽകി. ബോണസ് ആക്ട് ഭേദഗതിയ്ക്കനുസരിച്ച് പുതുക്കിയ ബോണസ് നൽകി (കഴിഞ്ഞ UDF സർക്കാർ ഇത് നിഷേധിച്ചിരുന്നു.)

**7.** 124 പേർക്ക് AM കേഡറിൽ പ്രമോഷൻ നൽകി. (കഴിഞ്ഞകാലത്ത്, ഒഴിവില്ലെന്ന് കാരണം പറഞ്ഞ് തടഞ്ഞു വച്ചു.)

**8.** KSFE യുടെ ചരിത്രത്തിലെ റിക്കാർഡ് നിയമനങ്ങളാണ് കഴിഞ്ഞ 8 മാസത്തിനുള്ളിൽ നടന്നത്. 2015 ഡിസംബർ മുതൽ അഡ്വൈസ് ചെയ്ത 179 അസിസ്റ്റന്റുമാർക്ക് LDF വന്നതിനുശേഷമാണ് നിയമനം നൽകിയത്. 2016 ഫെബ്രുവരി മുതൽ അഡ്വൈസ് ചെയ്ത 62 OA മാർക്ക് നിയമനം നൽകിയത് LDF വന്നതിനുശേഷം. കരാർ നിയമനം റദ്ദാക്കിക്കൊണ്ട് 211 അസിസ്റ്റന്റ് ഒഴിവുകൾ PSC മുഖേന നികത്തി. എല്ലാ NJD ഒഴിവുകളും നികത്തി. കൂടാതെ 170 അസിസ്റ്റന്റ് ഒഴിവുകളിലേക്കുകൂടി പി.എസ്.സി അഡ്വൈസ് മെമ്മോ ഇതിനകം നൽകി കഴിഞ്ഞു. 34 PTS മാർക്ക് ഇതിനകം നിയമനം നൽകി. അതായത് 6500 ഓളം ജീവനക്കാർ മാത്രമുള്ള KSFE യിൽ കഴിഞ്ഞ 8 മാസത്തിനുള്ളിൽ ആകെ നടന്ന സ്ഥിരനിയമനം 1047! മാത്രമല്ല അഡ്വൈസ് മെമ്മോ ലഭിച്ചയുടൻ നിയമനം!

**9.** 445 പേർക്ക് AM Non Cadre Promotion നൽകി.(2015-ൽ ലഭിക്കേണ്ടതടക്കം) SGA, Sr. Asst. Despatch Asst. OA(HG), OA(SG) തുടങ്ങിയ ഗ്രേഡ് പ്രമോഷനുകൾ നൽകാനുള്ള പ്രവർത്തനം ചടുലമായി നടക്കുന്നു. UDF കുളമാക്കിയ അസിസ്റ്റന്റ് സീനിയോറിറ്റി ലിസ്റ്റ് പി.എസ്.സി. അഡ്വൈസ് സീനിയോറിറ്റി മാനദണ്ഡം അനുസരിച്ച് പുതുക്കി.

**10.** 2014 മുതൽ സർവീസിൽ പ്രവേശിച്ച ജീവനക്കാർക്ക് നിഷേധിച്ചിരുന്ന Group Insurance പുനഃസ്ഥാപിക്കാനായി Kerala State Insurance Department മായി ഇതിനകം രണ്ടു ആലോചനാ യോഗങ്ങൾ മാനേജ്മെന്റ് നടത്തി. ഉടൻ തീരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**11.** 2014 മുതൽ സർവീസിൽ പ്രവേശിച്ച ജീവനക്കാരുടെ പേരിൽ പ്രതിമാസം 1250/- രൂപ നിയമവിരുദ്ധമായി. EPS 95-ൽ അടക്കുന്ന പ്രവണത നിർത്തൽ ചെയ്തു. ഇവരുടെ പെൻഷൻ വിഷയം ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നതിന് ട്രേഡ് യൂണിയൻ യോഗം വിളിക്കുമെന്ന് സംഘടനയ്ക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ട്.

**12.** ധനകാര്യവകുപ്പ് മന്ത്രിയുടെ ശക്തമായ നിർദ്ദേശത്തെ തുടർന്ന് CASBA യ്ക്ക് ഗതിവേഗമുണ്ടാ

യി. കഴിഞ്ഞ 8 മാസത്തിനുള്ളിൽ മാത്രം 175 വലിയ ശാഖകളാണ് CASBA യിലേക്കുമാറ്റിയത്. കഴിഞ്ഞ യു.ഡി.എഫ് ഭരണത്തിൽ പുതിയ ശാഖകളും ഏതാനും ചെറിയ ശാഖകളും മാത്രമാണ് CASBA യിലേക്ക് മാറിയത്.

**13.** ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ആനുകൂല്യം ലഭിക്കണമെങ്കിൽ കേരളത്തിൽ ഇടതു സർക്കാർ അധികാരത്തിൽ വരണമെന്നായിരിക്കുന്നു. 2002- മുതൽ ലഭിയ്ക്കേണ്ട ശമ്പളപരിഷ്കരണ ആനുകൂല്യം ജീവനക്കാർക്ക് ലഭിച്ചത് 2006 - ൽ LDF വന്നതിനുശേഷം. 2006-11 ലെ LDF സർക്കാർ 2007 ലെ ശമ്പളപരിഷ്കരണത്തിനും അംഗീകാരം നൽകി, ശമ്പളകുടിശ്ശികയും വിതരണം ചെയ്തതിനുശേഷമാണ് പടിയിറങ്ങിയത്. രണ്ട് ശമ്പളപരിഷ്കരണ ബാധ്യതയാണ് 2006-11 ലെ LDFസർക്കാർ ഏറ്റെടുത്തത്. 2012 ലെ കരാറിനാണെങ്കിൽ UDF സർക്കാർ അംഗീകാരം നൽകിയില്ലെന്ന് മാത്രമല്ല, ഉള്ള ശമ്പളം പോലും ഇല്ലാതാകുന്ന വിധത്തിൽ കരാറിനെ വികൃതമാക്കിയിട്ടാണ് ഇറങ്ങിപ്പോയത്. എന്നാൽ കേരളത്തിലെ ഇടതുസർക്കാർ, റിക്കാർഡ് വേഗതയിൽ കരാറിന് അതേപടി അംഗീകാരം നൽകുകയാണ് ചെയ്തത്. ഓണത്തിന് മുമ്പ് അംഗീകാരം നൽകുമെന്ന വാക്ക് ധനമന്ത്രി സ. ഡോ. തോമസ് ഐസക് പാലിച്ചു. 2016 സെപ്തംബർ 8 ന് ഉത്തരവിറങ്ങി. 30. 09. 2016ന് പുതുക്കിയ ശമ്പളം വിതരണം ചെയ്തു. എന്നാൽ ശമ്പളകുടിശ്ശിക വിതരണം ചെയ്യുന്നതിന് CASBA യുടെ റോഡ്മാപ്പ് പൂർത്തിയാക്കണമെന്നും Computerised Staff Norms നടപ്പിലാക്കണമെന്നുമുള്ള രണ്ട് നിബന്ധനകൾ വച്ചത് ജീവനക്കാരുടെ പ്രതിഷേധത്തിനു കാരണമായി. സംഘടനയുടെ 28-ാം സംസ്ഥാന സമ്മേളനം ഈ വിഷയത്തിൽ ശക്തമായ തീരുമാനമെടുത്തു. 11-01-2016 ന് ചേർന്ന ഭാരവാഹിയോഗ തീരുമാനപ്രകാരം ശമ്പള കുടിശ്ശിക അടിയന്തിരമായി വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് എം.ഡിക്ക് കത്തുനൽകി. ശമ്പളകുടിശ്ശികയുടെ 50% വിതരണം ചെയ്യാൻ തീരുമാനമെടുത്തത് ആശ്വാസകരമാണ്. ശമ്പളകുടിശ്ശിക പൂർണ്ണതോതിൽ എത്രയും പെട്ടെന്ന് വിതരണം ചെയ്യണമെന്നാണ് നമ്മുടെ ആവശ്യം. സമയബന്ധിതമായ തീരുമാനം ഉണ്ടാകാത്തപക്ഷം ശക്തമായ പ്രക്ഷോഭസമരങ്ങൾക്ക് സംഘടനനേതൃത്വം നൽകും.

**എന്നാൽ ഇത്തരം ഒരു നിബന്ധന ഉണ്ടാകാനുള്ള ഉത്തരവാദി ആരാണ്?**

KSFE യുടെ online പ്രവർത്തനവും ആധുനികവത്കരണവും അട്ടിമറിച്ച UDF മാനേജ്മെന്റും സർക്കാറും ആണ് ഉത്തരവാദി. കേരളത്തിലെ പ്രമുഖ സ്വർണ്ണപണയ സ്ഥാപനങ്ങൾ, Online ആയി സ്വർണവായ്പ നൽകുന്നു. ഒരു ശാഖയിൽ വെച്ച സ്വർണ്ണം ഉപയോഗിച്ചുകൊണ്ട് ലോകത്തെവിടെ നിന്നും വായ്പയെടുക്കാൻ കഴിയുന്നു. ചെറിയ സ്വകാര്യ ചിട്ടി കമ്പനികൾ പോലും Online ആയി ചിട്ടി നടത്തുന്നു. 30000 കോടി Turn Over ഉള്ള KSFE യുടെ അവസ്ഥയെന്താണ്? സ്ഥാപനത്തെ ആധുനികവത്കരിക്കാതെ, പുനഃസംഘടിപ്പിയ്ക്കാതെ 4000 കോടി രൂപയുടെ കുടിശ്ശികയുമായി ഈ സ്ഥാപനം എത്രനാൾ മുന്നോട്ട് പോകും? കുടിശ്ശികനിവാരണത്തിന് ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ടും ബിസിനസ്സ് ശക്തിപ്പെടുത്തിയും സ്ഥാപനത്തിന്റെ അടിത്തറ വിപുലപ്പെടുത്തുകയാണ് LDFസർക്കാർ. ഇത് തുടരവെയാണ് കേന്ദ്രസർക്കാരിന്റെ 'തുഗ്ലക്ക് പരിഷ്കാരം' ഇരുട്ടടിയായി വന്നത്. 500 കോടി വരുമാനനഷ്ടമാണ് 'തലതിരിഞ്ഞ നയം' മൂലം KSFE യ്ക്കുണ്ടായത്. എങ്കിലും ഡിസംബറിൽ നിശ്ചയിച്ചിരുന്ന ബിസിനസ്സ് നവംബറിൽ തന്നെ പൂർത്തികരിയ്ക്കാൻ കമ്പനിയ്ക്കായത് നല്ല സൂചനയാണ്. യു.ഡി.എഫ്. കുളം തോണ്ടിയ സ്ഥാപനത്തെ സംരക്ഷിക്കുന്ന LDF സർക്കാരിന്റെ പ്രതിജ്ഞാബദ്ധമായ പൊതുമേഖലാ സംരക്ഷണ നിലപാടിന് പിന്നിൽ നാം ഉറച്ചു നിൽക്കണം. ജീവനക്കാരെ തെറ്റിദ്ധരിപ്പിക്കാനുള്ള കുപ്രചരണം നടത്തുകയും രാഷ്ട്രീയ ദുരുദ്ദേശത്തോടെ ബിസിനസ്സ് അട്ടിമറിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന ഒറ്റുകാരെ ഒറ്റപ്പെടുത്താൻ നമുക്കാകണം. അല്ലാത്തപക്ഷം സ്ഥാപനം മാത്രമല്ല സ്ഥാപനത്തെ ആശ്രയിച്ചു ഭാവി ജീവിതം കരുപ്പിടിപ്പിക്കുന്ന ജീവനക്കാരും വഴിയാധാരമാകും. ഇത് നാം തിരിച്ചറിയണം. ശരിയായ ലക്ഷ്യത്തോടെ ഒരേ മനസ്സോടെ നമുക്കുമുന്നേറാം.

അഭിവാദ്യങ്ങളോടെ,

25-1-2017

**എസ്.മുരളീകൃഷ്ണപ്പിള്ള**

ജനറൽ സെക്രട്ടറി, **KSFE** സ്റ്റാഫ് അസോസിയേഷൻ **(CITU)**